ഫോറസ്റ്ററി കോളേജിൽ വച്ച് പരസ്ഥിതി ക്യാമ്പ് സംഘടിപ്പിച്ചു

ഫോറസ്റ്ററി കോളേജിൽ വച്ച് ഭൂമിത്രസേനയും കേരള ശാസ്ത്ര സാഹിത്യ പരിഷത്തും ചേർന്ന് ജനുവരി 23, 24 തിയ്യതികളിൽ സംഘടിപ്പിച്ച ദ്വിദിന പരിസ്ഥിതി ക്യാമ്പ് സമാപിച്ചു. കേരള ബയോഡൈവേർസിറ്റി ബോർഡ് മുൻ ചെയർമാൻ ഡോ.വി.എസ്. വിജയൻ ഉദ്ഘാടനം നിർവഹിച്ചു. " എന്ത് കൊണ്ട് പരിസ്ഥിതി സംരക്ഷിക്കണം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ച അദ്ദേഹം കേരളത്തിലെ ജൈവവൈവിധ്യത്തെ പറ്റിയും അവ സംരക്ഷിക്കപെടേണ്ട ആവശ്യകതയെ പറ്റിയും ക്ലാസ് എടുത്തു. തൃശ്ശൂർ ജില്ലയിലെ  വിവിധ കോളേജിൽ നിന്ന്  വിദ്യാർത്ഥികൾ പങ്കെടുത്ത ക്യാമ്പിൽ പശ്ചിമഘട്ട സംരക്ഷണത്തെ പറ്റി പീച്ചി വനഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ.ടി.വി.സജീവ്, ഇടനാട്ടിലെ കാർഷിക പരിസ്ഥിതി പ്രശ്നങ്ങള പറ്റി കാർഷിക സർവകലാശാല പ്രൊഫസർ ഡാ.പി.എസ്. ജോൺ, തണ്ണീർത്തട സംരക്ഷണത്തെ പറ്റി ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറം പ്രവർത്തക ഡോ.ലത, തീരദേശ പരിസ്ഥിതിയെ പറ്റി വെറ്റിനറി സർവകലാശാല റിട്ട.പ്രൊഫ.ഡോ.വി.ആർ.രഘുനന്ദനൻ എന്നിവർ ആദ്യദിവസം സെമിനാറുകൾ അവതരിപ്പിച്ചു.

രണ്ടാം ദിവസം സസ്യങ്ങളെയും ജന്തുക്കളെയും നിരീക്ഷിച്ചുള്ള യാത്രക്കു ശേഷം ജൈവ വൈവിധ്യത്തെ പറ്റി ഫോറസ്റ്ററി കോളേജിലെ വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റ് ഹെഡ് അസോ.പ്രൊഫ.ഡോ.പി.ഒ.നമീർ ക്ലാസെടുത്തു. പിന്നീടുള്ള ചർച്ചയിൽ പരിസ്ഥിതി പ്രവർത്തകരായ അഡ്വ.പി.കെ.സുരേഷ്ബാബു, ശ്രീ.എം.മോഹൻദാസ് , ശ്രീ ടി.എം.മുകുന്ദൻ എന്നിവർ പരിസ്ഥിതി സംരക്ഷണവും നിയമങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി അനുഭവങ്ങൾ പങ്കുവച്ചു.

തുടർന്നുള്ള ഘട്ടത്തിൽ ഹോർട്ടികൾച്ചർ കോളേജിലെ പ്രൊഫ. ഡോ .സി. ജോർ ജ്ജ് തോമസ്, ഫോറസ്റ്ററി കോളേജ് ഡീൻ പ്രൊഫ.ഡോ.കെ.വിദ്യാസാഗരൻ, പ്രൊഫ.ഡോ.എ.വി.സന്തോഷ്കുമാർ, ഭൂമിത്രസേന കൺവീനർ അസിസ്റ്റന്റ് പ്രൊഫ.ഡോ.എൻ.കെ.ബിനു, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് വികസനം സബ് കമ്മിറ്റി കൺവീനർ കെ.കെ.അനീഷ്കുമാർ എന്നിവർ അടങ്ങുന്ന പാനൽ, ഉന്നത വിദ്യാഭ്യാസത്തില്ല സ്െപഷിലൈസേഷൻ മൂലം മറ്റു പാരിസ്ഥിതിക സാമൂഹിക വിഷയങ്ങളിൽ കേവല പരിജ്ഞാനം ഇല്ലാതെ പോകുന്ന അവസ്തയെ പറ്റിയും ഉന്നത വിദ്യാഭ്യാസത്തോടൊപ്പം നേടേണ്ട സാമൂഹ്യ ബോധത്തെ പറ്റിയും ക്യാമ്പങ്കങ്ങളുമായി ചർച്ച ചെയ്തു. വിവിധ വിദ്യാഭ്യാസ

മേഘലകളുടെ കൂട്ടായ പ്രവർത്തനങ്ങളെ കുറിച്ചും കടമകളെ കുറിച്ചും പറഞ്ഞ്കൊണ്ട്  കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പരിസരം സബ് കമ്മിറ്റി കൺവീനർ സി.പ്രസാദ് ക്യാമ്പ് ക്രോഡീകരിക്കുകയും തുടർന്ന് യുവ സമിതിയുടെ നേതൃത്വത്തിൽ ഫോറസ്റ്ററി കോളേജ് ക്യാമ്പസ് ശാസ്ത്ര സമിതി രൂപീകരിക്കുകയും ചെയ്തു. യുവ സമിതി കൺവീനർ മനു, സെക്രട്ടറി ഇന്ദ്രജിത്ത്, പ്രസിഡൻറ് അൻവർ, ക്യാമ്പസ് ശാസ്ത്ര സമിതി കൺവീനർ ജോസ് എന്നിവർ ക്യാമ്പിൽ പങ്കെടുത്തു.